# കിതാബുകളിലുള്ള വിശ്വാസം


ഗ്രന്ഥകർത്താവ്: ശൈഖ് സഅദ് ബിൻ നാസ്വിർ അശ്ശഥ്‌രി
ഗ്രന്ഥം: ആറാഉസ്സൂഫിയ്യ ഫീ അർകാനിൽ ഈമാൻ
വിവർത്തകൻ: ശമീർ മദീനി


അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കൽ നിർബന്ധമാണെന്ന് നിരവധി പ്രാമാണിക വചനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ ءَامِنُوا۟ بِٱللَّهِ وَرَسُولِهِۦ وَٱلْكِتَـٰبِ ٱلَّذِى نَزَّلَ عَلَىٰ رَسُولِهِۦ وَٱلْكِتَـٰبِ ٱلَّذِىٓ أَنزَلَ مِن قَبْلُ ۚ وَمَن يَكْفُرْ بِٱللَّهِ وَمَلَـٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ وَٱلْيَوْمِ ٱلْـَٔاخِرِ فَقَدْ ضَلَّ ضَلَـٰلًۢا بَعِيدًا

''സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും, അവൻ മുമ്പ് അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്നപക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു.'' (4:136)

അല്ലാഹു പറയുന്നു:

وَقُلْ ءَامَنتُ بِمَآ أَنزَلَ ٱللَّهُ مِن كِتَـٰبٍ

''നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏതു ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു''. (42:15)

അവ അല്ലാഹുവിങ്കൽ നിന്ന് അവതരിച്ചതാണെന്നും യാഥാർഥ്യമായി തന്നെ അല്ലാഹു സംസാരിച്ച വചനങ്ങളാണ് അവയെന്നും നാം വിശ്വസിക്കുന്നു.

വേദഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട സൂഫീ ചിന്താഗതികളിലൊന്നാണ് വിശുദ്ധ ഖുർആനിന് ബാഹ്യവും(ദാഹിർ) ആന്തരികവും(ബാത്വിൻ) എന്നിങ്ങനെ രണ്ട് വശങ്ങളുണ്ട് എന്ന വാദം. ബാഹ്യജ്ഞാനമാണത്രെ മതനിയമങ്ങളെ സംബന്ധിച്ചുള്ള (ശരീഅത്ത്) അറിവ്. എന്നാൽ ഉൽകൃഷ്ട ജ്ഞാനമാകട്ടെ, അത് ആന്തരിക ജ്ഞാനമാണ്. പ്രത്യേക ഔലിയാക്കൾക്കല്ലാതെ അറിയാൻ കഴിയാത്ത യഥാർഥ ജ്ഞാനം (ഇൽമുൽ ഹഖീഖത്ത്) അതാണെന്നാണ് അവർ പറയുന്നത്. എന്നിട്ട് ഖുർആനിന്റെ ബാഹ്യാർഥത്തിന് നിരക്കാത്ത പല വ്യാഖാനങ്ങളിലേക്കും അതിലൂടെ അവർ എത്തിച്ചേരുന്നു. അറബി ഭാഷയനുസരിച്ചുള്ള ആശയങ്ങൾക്കും താൽപര്യങ്ങൾക്കും വിരുദ്ധമായ വിവരണങ്ങൾ ഖുർആൻ സൂക്തങ്ങൾക്ക് അവർ നൽകുകയും ചെയ്യുന്നു. പക്ഷേ, ഖുർആൻ അറബി ഭാഷയിലാണ് അവതരിച്ചതെന്ന് ഖുർആനിക സൂക്തങ്ങൾ തന്നെ തുടരെ തുടരെ വ്യക്തമാക്കിയതാണ്. അപ്പോൾ തീർച്ചയായും ഖുർആൻ ഗ്രഹിക്കേണ്ടത് ഈ ഭാഷയനുസരിച്ച് തന്നെയായിരിക്കണം.

അല്ലാഹു പറയുന്നു:

إِنَّآ أَنزَلْنَـٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ

‘‘നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി അത് അറബിഭാഷയിൽ വായിക്കപ്പെടുന്ന ഒരു പ്രമാണമായി നാം അവതരിപ്പിച്ചിരിക്കുന്നു.’’ (12:2)

إِنَّا جَعَلْنَـٰهُ قُرْءَ ٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ

‘‘തീർച്ചയായും നാം ഇതിനെ അറബി ഭാഷയിലുള്ള ഒരു ഖുർആനാക്കിയിരിക്കുന്നത് നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനു വേണ്ടിയാകുന്നു.’’ (43:3)

وَهَـٰذَا لِسَانٌ عَرَبِيٌّ مُّبِينٌ

‘‘ഇതാകട്ടെ, സ്പഷ്ടമായ അറബി ഭാഷയാകുന്നു’’ (16:103)

كِتَـٰبٌ فُصِّلَتْ ءَايَـٰتُهُۥ قُرْءَانًا عَرَبِيًّا لِّقَوْمٍ يَعْلَمُونَ

‘‘വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ആളുകൾക്കുവേണ്ടി അറബിഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരു ഗ്രന്ഥം.)’’ (41:3)

ഖുർആനിന്റെ ശരിയായ ആശയത്തെ മാറ്റി മറിക്കുന്ന ഒന്നാണ് ‘ദൗഖ്’ (അഭിരുചി), ‘കശ്ഫ്’ (വെളിപ്പെടുത്തൽ) എന്നീ പേരുകളിലുള്ള സൂഫീ ചിന്താഗതികൾ.[1] അതുകൊണ്ടു തന്നെ വിജ്ഞാനം അന്വേഷിക്കുന്നതിലും മതത്തിൽ അറിവു നേടുന്നതിലുമൊക്കെ അവർ തൽപരരല്ല. ഖുർആനിനേക്കാളും നബി(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ടുവന്ന ദിക്ർ–ദുആകളേക്കാളുമൊക്കെ ഉൽകൃഷ്ടമാണ് തങ്ങൾ പടച്ചുണ്ടാക്കിയ നൂതന ദിക്റുകൾ എന്ന് പറയുന്നതുവരെയെത്തി അവരിൽ ചിലരുടെ സ്ഥിതി. എത്രത്തോളമെന്നാൽ സൂഫിയ്യാക്കളിൽ ചിലർ പറയുന്നു: ഖുർആൻ പാരായണത്തേക്കാൾ ഉത്തമമാണ് ‘ശാദുലിവിർദുകൾ’. മറ്റുചിലർ പറയുന്നു, ഖുർആൻ മുഴുവനും ആറായിരം തവണ പാരായണം ചെയ്യുന്നതിന് തുല്ല്യമാണ് ‘സ്വലാത്തുൽ ഫാതിഹ്’ (അഥവാ സൂഫിയ്യാക്കളുണ്ടാക്കിയ ഒരു ബിദ്ഈ സ്വലാത്ത്.) അങ്ങനെ അവർ ജനങ്ങളെ ഖുർആനിനെ കയ്യൊഴിക്കുന്ന തരത്തിലാക്കിത്തീർത്തു[2] .

അല്ലാഹു പറയുന്നു:

وَقَالَ ٱلرَّسُولُ يَـٰرَبِّ إِنَّ قَوْمِى ٱتَّخَذُوا۟ هَـٰذَا ٱلْقُرْءَانَ مَهْجُورًا

‘‘(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ഖുർആനെ അഗണ്യമാക്കിക്കളഞ്ഞിരിക്കുന്നു.’’ (25:30)

قُل لَّئِنِ ٱجْتَمَعَتِ ٱلْإِنسُ وَٱلْجِنُّ عَلَىٰٓ أَن يَأْتُوا۟ بِمِثْلِ هَـٰذَا ٱلْقُرْءَانِ لَا يَأْتُونَ بِمِثْلِهِۦ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا

‘‘(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചു ചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും.’’ (17:88)

ഒരു ഖുദ്സിയായ ഹദീഥിലൂടെ അല്ലാഹു പറഞ്ഞതായി നബി(ﷺ) അറിയിക്കുന്നു.

---

1 വെളിപാടിലൂടെ സൂഫീ ശൈഖുമാർക്ക് പല സന്ദേശങ്ങളും അറിവുകളും കിട്ടിക്കൊണ്ടിരിക്കുന്നുവെന്നും അവയാണ് സുപ്രധാന ജ്ഞാനങ്ങൾ എന്നുമാണ് അവരുടെ വിശ്വാസം. അത്തരത്തിലുള്ള ‘അറിവുകൾക്ക്’ അവർ നൽകിയിരിക്കുന്ന സാങ്കേതിക നാമങ്ങളാണ് ‘കശ്ഫ്’, ‘ദൗഖ്’ പോലുള്ളവ. (വിവർത്തകൻ)

2 മുഹ്‌യുദ്ദീൻ മാല തെറ്റൊന്നും കൂടാതെ പാരായണം ചെയ്താൽ മഹത്തായ പ്രതിഫലമുണ്ടെന്ന് മാലകളിലൂടെയും മറ്റും നമ്മുടെ നാട്ടിലെ സൂഫിയ്യാക്കൾ പ്രചരിപ്പിക്കുന്നതും ഇതിനോട് ചേർത്തു വായിക്കുക. (വിവർത്തകൻ)

يقُولُ الرب عز وجل من شغلَه الْقُرآنُ وذكْري عن مسألَتي أعطَيته أفْضلَ ما أُعطي السائلين وفَضلُ كلَامِ الله علَى سائرِ الْكلَامِ كفَضلِ الله علَى خلْقه

''എന്നോട് ചോദിക്കുന്നതിൽ നിന്നും ആരെയെങ്കിലും ഖുർആനും എന്റെ ദിക്റുകളും വ്യാപൃതനാക്കിയാൽ, എന്നോട് ചോദിച്ചവർക്ക് നൽകിയതിൽ ഏറ്റവും ഉത്തമമായത് ഞാനവന് നൽകുന്നതാണ്. മറ്റു വചനങ്ങളുടെ മേൽ അല്ലാഹുവിന്റെ വചനത്തിനുള്ള ശ്രേഷ്ടത സൃഷ്ടികളുടെ മേൽ അല്ലാഹുവിനുള്ള ശ്രേഷ്ടത പോലെയാണ്''. (തിർമിദി ഉദ്ധരിക്കുകയും ഹസനാണെന്ന് വിധിക്കുകയും ചെയ്തു.)

അപ്രകാരം തന്നെ അവർ മറ്റു പലതിനും ഖുർആനേക്കാൾ സ്ഥാനം നൽകുന്നവരാണ്. സ്വഹീഹായ ഹദീഥിലൂടെ നബി(ﷺ) പഠിപ്പിച്ച ഈ വചനവും അവരും എവിടെ നിൽക്കുന്നു എന്ന് ആലോചിക്കുക.

നബി(ﷺ) പറയുന്നു:

خيركُم من تعلم الْقُرآنَ وعلمه

''നിങ്ങളിൽ ഏറ്റവും ഉത്തമന്മാർ ഖുർആൻ പഠിക്കുകയും അത് മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവരാണ്''. (ബുഖാരി)